**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **15-03-2022 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ നെൽകൃഷി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ കൃഷി ഭവനുകൾ മുഖാന്തിരം സമയാസമയങ്ങളിൽ, പ്രദേശത്തെ കൃഷിക്കാരും ജനപ്രതിനിധികളും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും പൊതുജനങ്ങളും ചേർന്ന് കൃഷി സീസണിന് മുമ്പായിട്ട് യോഗങ്ങൾ സംഘടിപ്പിക്കുകയും ടി യോഗങ്ങളിൽ ഉരുത്തിരിയുന്ന അഭിപ്രായ ങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാന ത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആയതു അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ തുറവൂർ മേഖലയിലെ പൊക്കാളി നെൽപാടങ്ങളിൽ സർക്കാരിന്റെ 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തദ്ദേശീയരുടെയും ജനപ്രതിനിധികളുടെയും കൃഷി, ഫിഷറീസ്, റവന്യൂ, പഞ്ചായത്ത്, പോലീസ് വകുപ്പുകളുടെയും സംയുക്ത യോഗങ്ങൾ സംഘടിപ്പിക്കുകയും ടി പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവ് ജില്ലാ കളക്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ ലഭ്യതക്കുറവ്, നെല്ല് സംഭരണത്തിലെ കിഴിവ് എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പരിഹാര മാർഗങ്ങൾ നിർദേശിച്ചിട്ടുണ്ട്. |
| (ബി) | ജില്ലയിൽ നെൽകൃഷിക്ക് യോഗ്യമായ എത്ര സ്ഥലങ്ങളാണ് തരിശായി കിടക്കുന്നത്; മണ്ഡലം തിരിച്ച് കണക്കു ലഭ്യമാക്കാമോ; തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ ആകെ 483.39 ഹെക്ടർ തരിശു നിലമുണ്ട്. ആയതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു. നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയാണ് തരിശു നിലം കൃഷി |

| | | | |
|---|---|---|---|
| | | | യോഗ്യമാക്കുന്നതിന് ആനുകൂല്യം നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ. നെൽകൃഷി വികസന പദ്ധതിയുടെ ഘടകപദ്ധതിയായ സുഭിക്ഷ കേരളം- "തരിശുനിലകൃഷി"-യിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35000രൂപ കർഷകനും 5000 രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. 2021-22വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 138.209ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കുകയും ആയതിന് 55.2836 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ, കേരളത്തിലെ തരിശ് ഭൂമികളെ കൃഷി യോഗ്യമാക്കുന്നത് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കി വരുന്ന രാഷ്ട്രീയ കൃഷി വികാസ് യോജന, "സുഭിക്ഷ കേരളം", ജനകീയാസൂത്രണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി 514.89ഹെക്ടറിൽ നെല്ല്, 230.4ഹെക്ടറിൽ പച്ചക്കറി, 167.6ഹെക്ടറിൽ കിഴങ്ങു വർഗ്ഗ വിളകൾ എന്നിവ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്. |
| (സി) | കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കൊയ്ത്ത് യന്ത്രങ്ങൾ കൂടിയ വാടകയ്ക്ക് നൽകി ഏജന്റുമാർ കർഷകരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിന് കൃഷി വകുപ്പ് മുൻകൈയെടുത്ത് കൊയ്ത്ത് യന്ത്രങ്ങൾ പൂൾ ചെയ്ത് നിശ്ചിത വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പുഞ്ച കൃഷിയുടെ കൊയ്ത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലയിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ, യന്ത്രങ്ങൾ നൽകുന്ന ഏജന്റുമാർ എന്നിവരുമായി യോഗം ചേരുകയും റോഡ് മാർഗം കൊണ്ടു വരുന്ന കൊയ്ത്ത് യന്ത്രത്തിന്റെ പരമാവധി നിരക്ക് മണിക്കൂറിന് 1,900/- രൂപയും ചങ്ങാടത്തിൽ കൊണ്ടു വരുന്നതിന് പരമാവധി നിരക്ക് മണിക്കൂറിന് 2,000/- രൂപയും ആയി തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ആഫീസർ, കൊയ്ത്ത് ഷെഡ്യൂൾ തയ്യാറാക്കുകയും തുടർന്ന്, 04.03.2022-ൽ കൂടിയ ജില്ലാ കാർഷിക വികസന സമിതി യോഗം, നിശ്ചയിച്ച പരമാവധി നിരക്കിൽ നിന്നും കുറഞ്ഞ റേറ്റിൽ കൊയ്ത്തു നടത്തുവാൻ തയ്യാറാകുന്ന ഏജന്റുമാർക്ക് ലേലനടപടികളിലൂടെ കൊയ്ത്ത് നടത്തുന്നതിന് കരാർ നൽകാവുന്നതാണ് എന്ന് തീരുമാനിച്ചു. കൂടാതെ, പാടശേഖരങ്ങൾക്ക് അവർ പ്രത്യേകമായി താൽപര്യപ്പെടുന്ന ഏജന്റുമാരെ കൊണ്ട് തന്നെ കൊയ്ത്ത് നടത്താവുന്നതാണ് എന്നും തീരുമാനിച്ചു. |
| (ഡി) | കുട്ടനാട്, അമ്പലപ്പുഴ ഉൾപ്പെടെയുള്ള അപ്പർ കുട്ടനാട് മേഖലയിലെ നെല്ല് സംഭരിക്കുന്ന സ്വകാര്യമില്ലുകൾ കിഴിവ് കൂട്ടി കൃഷിക്കാരെ ചൂഷണം | (ഡി) | സ്വകാര്യമില്ലുകൾ കൃഷിക്കാരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ നെല്ല് സംഭരിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പാഡി മാർക്കറ്റിംഗ് |

| | | | |
|---|---|---|---|
| | ചെയ്യുന്നത് ഒഴിവാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കൂടുതൽ മില്ലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | | ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പ്രശ്ന പരിഹാരത്തിനായി ഓരോ പഞ്ചായത്തിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ആഫീസർ കൺവീനറായും മറ്റു ജനപ്രതിനിധികൾ പാടശേഖര പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിൽ മില്ലുകൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ആലപ്പുഴ ജില്ലയിലെ തരിശു നിലത്തിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക്

| **ക്രമ നമ്പർ** | **നിയോജകമണ്ഡലം** | **തരിശ് നിലത്തിന്റെ വിസ്തൃതി (ഹെക്ടർ)** |
|---|---|---|
| 1. | അരൂർ | 10 .00 |
| 2. | ചേർത്തല | 27.30 |
| 3. | ആലപ്പുഴ | 21.75 |
| 4. | അമ്പലപ്പുഴ | 13.25<br>(അമ്പലപ്പുഴ (N)-2.00<br>അമ്പലപ്പുഴ (S)- 10.00<br>പുന്നപ്ര (N)- 1.25) |
| 5. | കുട്ടനാട് | 59.49 |
| 6. | മാവേലിക്കര | 62 |
| 7. | ചെങ്ങന്നൂർ | 197.5 |
| 8. | ഹരിപ്പാട് | 12.9 |
| 9. | കായംകുളം | 79.2 |
| | **ആകെ** | **483.39** |